water is stagnent and I must say that there is considerable reduction in the mosquito nuisance in the town. These are two or three operations undertaken for the improvement of the town. Then with regard to the point referred to by the Hon'ble mover that there are hotels which are being conducted without proper licenses, this is the first time that the matter has been brought to the notice of the Government and it will be enquired into. If there is such a practice it will be stopped.

Mr. P. K. Dewer *(Nominated)*: I withdraw the motion.

Motion, by leave, withdrawn

Demand put and carried

ii. 18. Vaccination—(Cranganur)—Rs. 1,145

Rao Sahib C. J. Mathew *(Secretary to Government)*: I move for a grant of Rs. 1,445 under 18—Vaccination—Cranganur.

Demand put and carried

iii. 19. Sanitation and Conservancy—(Cranganur)—Rs. 10,684

Rao Sahib C. J. Mathew *(Secretary to Government)*: I move for a grant of Rs. 10,684 under 19—Sanitation and Conservancy—Cranganur.

Demand put and carried

The House rose for lunch at 1-30 p.m. and reassembled at 2-30 p.m. with the Panel Chairman Mr. P. Kumaran Ezhuthassan in the Chair.

iv. 25. Ayurveda—Rs. 3,06,085

Rao Sahib C. J. Mathew *(Secretary to Government)*: I move for a grant of Rs. 3,06,085 under 25—Ayurveda.

CUT MOTIONS

1. Opening of an Ayurvedic Hospital at Kunnamkulam

***Mr. Paramel Ipe Ipe** *(Kunnamkulam)*: I rise to move to reduce the allotment of Rs. 3,09,900 for Demand No. 25 Ayurveda by Re. 1 to impress upon the Government the necessity to open an Ayurvedic Hospital at Kunnamkulam, In moving this cut, my only object is to impress upon the Government the necessity of an Ayurvedic Hospital at Kunnamkulam. That is a prime necessity and there is a large section of the people who are very eager to get Ayurvedic medical aid and further the demand for Ayurvedic medical aid can be got or the requisition for medical aid can be satisfied only if they run up to Vadakkancheri where the Ashtavaidyas Moosad and his brother reside. They can get this only at such great distance. Further, also from the point of view of population, a hospital started at Kunnamkulam will be of great use to a large section of the population. With these few words, I commend this motion for the acceptance of the House.

***Rao Sahib C. J. Mathew** *(Secretary to Government)*: At Kunnamkulam there is a full-fledged allopathic hospital to cater to the medical needs of the town. As was explained by the Minister the other day that it is the intention of the Government to select such areas where no medical aid whatever is available. There are places where neither allopathic nor ayurvedic hospitals exist. It is the policy of the Government to select such areas and tostart hospitals and dispensaries in those places. Thus later on, where duplicity is found necessary that will also be attended to. In this view of the matter it cannot be said that the needs of Kunnamkulam are so very urgent. There are 5 vaidyasalas budgeted for to be started next year and if Kunnamkulam stands in urgent need of one them it will be considered.

Mr. Panel Chairman: I believe, the Hon'ble Member is satisfied.

Mr. Paramel Ipe Ipe *(Kunnamkulam)*: Yes. I seek leave to withdraw the motion.

Motion, by leave, withdrawn

* Sppeech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

2. The necessity of an Ayurvedic Dispensary in Mattancheri

ചൌധരി ജി. എസ്സ്. ധാരാസിംഗ്: I rise to move to reduce the allotment of Rs. 3,09,900 for Ayurveda in demand No. 25 by Re. 1. *(To discuss about the necessity of starting an Ayurveda Dispensary in Mattancheri).* സർ, ദേശീയമായ വൈദ്യവിധി കൊച്ചി രാജ്യത്തു് വേണ്ടിടത്തോളം പ്രചരിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണല്ലൊ ആയുർവ്വേദ ഡിപ്പാർട്ടുമെണ്ടു് ഇത്രയും വിപുലപ്പെടുത്തിക്കൊണ്ടു് ആ ഡിപ്പാർട്ടുമെണ്ടിന്റെ ചിലവിലേക്കായി ഇത്രയധികം രൂപാ കൊള്ളിച്ചിട്ടുള്ളതു്. ആയുർവ്വേദവിധിപ്രകാരമുള്ള വൈദ്യസഹായം പ്രത്യേകിച്ചു് കേരളീയർക്കു്, ഉപയോഗപ്രദമാണെന്നു് ഞാൻ പറയാതെതന്നെ എല്ലാവരും സമ്മതിക്കുന്ന ഒരു യഥാർത്ഥമാണു്. അതുകൊണ്ടു്, പ്രത്യേകിച്ചും മട്ടാഞ്ചേരി പട്ടണത്തിൽ ഒരു ഡിസ്പെൻസറി തുടങ്ങണമെന്നു് ആവശ്യപ്പെടുവാനാണു് ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്. ബഹുമാനപ്പെട്ട ഗവൺമെണ്ടു് സെക്രട്ടറി ബഹുമാനപ്പെട്ട കന്നംകുളം മെമ്പറുടെ ഉപക്ഷേപത്തിനു് മറുപടി പറഞ്ഞപോലെ, മട്ടാഞ്ചേരിയിലും ഒരു അലോപ്പതി ആസ്പത്രിയുണ്ടെന്നും മറ്റും ഒഴികഴിവു പറഞ്ഞു് തടസ്സപ്പെടുത്തരുതു് എന്നൊരപേക്ഷയുണ്ടു്. ഒരു ഒന്നാംതരം ആയുർവ്വേദ ആസ്പത്രി തുടങ്ങണമെന്നു് ഞാൻ ആവശ്യപ്പെടുന്നില്ല. പക്ഷേ തല്ക്കാലം ഒരു ഡിസ്പെൻസറിയെങ്കിലും അവിടെ തുടങ്ങേണ്ടതു് അത്യാവശ്യമാണു്. ഇപ്പോൾ വളരെ അധികം പരാതി, അതായതു് മഹാരാജാസ് ഹോസ്പിറ്റലിൽനിന്നു് വേണ്ടപോലെ മരുന്നുകൾ കിട്ടുന്നില്ലെന്നും മറ്റും ഉണ്ടെങ്കിലും അതു് തെളിയിക്കാൻ ഉള്ള ബുദ്ധിമുട്ടുകൾ ആലോചിക്കുമ്പോൾ അതിനെക്കുറിച്ചു് പറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല. എങ്കിലും ധാരാളം പരാതികൾ ഉള്ളതായി ഗവൺമെണ്ടിനുതന്നെ അറിയാമെന്നാണു് ഞാൻ ഉദ്ദേശിക്കുന്നതു്. എന്നുതന്നെയല്ല മട്ടാഞ്ചേരി പട്ടണത്തിന്റെ ഒരു അറ്റത്താണു് മഹാരാജാസ് ഹോസ്പിറ്റൽ നിലകൊള്ളുന്നതു്. അതുകൊണ്ടു് ഏതാണ്ടു് മട്ടാഞ്ചേരി പട്ടണത്തിന്റെ മദ്ധ്യത്തിലായി ഒരു ആയുർവ്വേദ ഡിസ്പെൻസറികൂടി തുടങ്ങുകയാണെങ്കിൽ ആളുകൾക്കു് മരുന്നു് മേടിക്കുവാനും, വൈദ്യസഹായം ആവശ്യപ്പെടുവാനും മറ്റും വളരെ സൌകര്യമുണ്ടാകും. പ്രത്യേകിച്ചു് ഇതു് പട്ടണത്തിന്റെ മദ്ധ്യത്തിൽ എവിടെയെങ്കിലും ആയിരിക്കണമെന്നുകൂടി പറഞ്ഞുകൊള്ളുന്നു. ഇതിനെപ്പറ്റി അധികമൊന്നും പറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഈ ഉപക്ഷേപത്തെ ഗവൺമെണ്ടു് അനുഭാവപൂർവ്വം വീക്ഷിക്കുകയും അനുകൂലമായ ഒരു മറുപടി നല്കുകയും ചെയ്യുമെന്നു് പ്രതീക്ഷിച്ചുകൊണ്ടു് ഞാൻ ഇതിവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ഈ ഉപക്ഷേപത്തെക്കുറിച്ചു് ഒരു വാക്കു പറഞ്ഞാൽ കൊള്ളാമെന്നു് വിചാരിക്കുന്നു. ആസ്പത്രികളൊ ഡിസ്പെൻസറികളൊ അനുവദിച്ചുകൊടുക്കുമ്പോൾ [illegible]-ൽതന്നെ ചിലതു് തുടങ്ങാമെന്നു് ഇതിനുമുമ്പു് വാഗ്ദത്തം ചെയ്തിട്ടുണ്ടു്. അതൊക്കെ പഴയ ഫയലുകളിൽ കാണുകയും ചെയ്യും. അതൊക്കെ വെച്ചുനോക്കി, ഇതൊക്കെ അനുവദിക്കുന്നതോടുകൂടി, വൈദ്യസഹായം ആവശ്യമുള്ള ചില സ്ഥലങ്ങൾ വേറെയുമുണ്ടു് എന്നുകൂടി മാക്കണം. ഇക്കൊല്ലത്തെ ഖണ്ഡനോപക്ഷേപങ്ങൾ അനുസരിച്ചു മാത്രം കൊടുക്കരുതു് എന്നൊന്നോർമ്മപ്പെടുത്തുവാൻവേണ്ടിയാണു് ഞാൻ പറഞ്ഞതു്.

*മിസ്റ്റർ ചി. നാരായണമേനോൻ: ആയുർവ്വേദവൈദ്യശാലകളുടെ പ്രയോജനത്തെക്കുറിച്ചു് ഗവൺമെണ്ടിനുള്ള ധാരണകൾ മുഴുവൻ ശരിയാണെന്നു് ഞാൻ വിചാരിക്കുന്നില്ല. അലോപ്പതി ഹോസ്പിറ്റൽ ഉള്ള ദിക്കിൽ ആയുർവ്വേദ ഹോസ്പിറ്റലിന്റെ ആവശ്യം വലുതായിട്ടു് ഉണ്ടെന്നു് എനിക്കു തോന്നുന്നില്ല. അതുകൊണ്ടു് അതില്ലാത്ത ദിക്കുകളിലാണു് ആയുർവ്വേദ ഹോസ്പിറ്റലുകൾ തല്ക്കാലം സ്ഥാപിക്കേണ്ടതു്. ഒരു വൈദ്യശാലയുമില്ലാത്ത സ്ഥലങ്ങളിലാണു് ഇതു് ആദ്യമായി സ്ഥാപിക്കേണ്ടതു് എന്നു് ഇവിടെ പ്രസ്താവിക്കുകയുണ്ടായി. രണ്ടു വൈദ്യത്തിന്റേയും ചികിത്സാക്രമങ്ങളും ചികിത്സ ലഭിക്കുന്നതിനുള്ള സൌകര്യങ്ങളും രണ്ടു തരത്തിലാണു്. ആവശ്യവും പ്രത്യേകമാണു്. ഒരു അലോപ്പതി ഡാക്ടർ, ആ മാനുഷനെ എന്തെങ്കിലും ആവശ്യത്തിനു് എവിടേക്കെങ്കിലും കൂട്ടിക്കൊണ്ടുപോയി, ഒരു രോഗിയെ കാണിക്കണമെന്നു് വിചാരിച്ചാൽ അദ്ദേഹത്തിന്റെ അനസ്തീസിനും, ജീവിതരീതിക്കും യോജിച്ച വിധത്തിലുള്ള ഒരു ഫീസ്സു് അദ്ദേഹത്തിനു കൊടുക്കാതിരിക്കുവാൻ തരമില്ല. സൂട്ടിൽ, മോട്ടോർകാറിൽ കയറി, വലിയ അനസ്തീസിൽ വരുന്ന ഓരാൾക്കു്

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

അതിനു് യോജിച്ച വിധത്തിലുള്ള ഒരു ഫീസ്സു് എങ്ങിനെയാണു് കൊടുക്കാതിരിക്കുക് എന്നുള്ള ഒരു വിചാരം രോഗികളെ സംബന്ധിച്ചു് ആളുകൾക്കു് ഉണ്ടാകാവുണ്ടു്. അതിനു് യോജിച്ച വിധത്തിലുള്ള ഒരു ഫീസ്സു്, കയ്യിലില്ലെങ്കിൽതന്നെ, വളരെ ക്ലേശങ്ങളെല്ലാം അനുഭവിച്ചു്, അതുണ്ടാക്കിക്കൊടുക്കാവുമുണ്ടു്. നേരെമറിച്ചു് കൂലിച്ചു് ചന്ദനവും ടൈലും ഒക്കെ തൊട്ടു്, ഒരു മുണ്ടും, രണ്ടാംമുണ്ടും, ഒരു ഓലക്കുടയുമായി വരുന്ന ആയുർവ്വേദവൈദ്യനു്, രോഗിയെക്കണ്ടു് ചികിത്സ നിശ്ചയിച്ചു് മടങ്ങിപോകുന്ന അവസരത്തിൽ മൂന്നു് പൊറിലയും രണ്ടുകഷണം അടക്കയും ഒരു നാലണയും കൊടുത്താൽ ഏതാണ്ടു് ധാരാളമാകാവുണ്ടു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: വളരെ പഴയ കഥയാണു് ബഹുമാനപ്പെട്ട മെമ്പർ വിവരിക്കുന്നതു്. ഇക്കാലത്തു് അതു നടപ്പുണ്ടെന്നു് തോന്നുന്നില്ല.

മിസ്റ്റർ പി. നാരായണമേനോൻ: പഴയ കഥതന്നെയാണു്. ആയുർവ്വേദവൈദ്യന്മാരുടെ കഥ ഇപ്പോഴും പഴയതുതന്നെയാണു്. എങ്ങിനെയെങ്കിലുമാകട്ടെ. ഇക്കാലത്തു് കൂടിയും, രണ്ടുംതമ്മിൽ വലിയ അന്തരമുണ്ടെന്നുള്ളതു് എല്ലാവരും സമ്മതിക്കുന്ന ഒരു കാര്യമാണെന്നാണു് ഞാൻ വിചാരിക്കുന്നതു്. ഇതിനുംപുറമെ, ചികിത്സയിലും ചില വ്യത്യാസങ്ങളെല്ലാം കാണാവുണ്ടു്. എല്ലൊടിയുക, ഉരുണ്ടുവീണു് എന്തെങ്കിലും കേടുകൾ പറ്റുക ഇങ്ങിനെയുള്ള സുഖക്കേടുകൾക്കെല്ലാം ആയുർവ്വേദവിധിപ്രകാരം പല പ്രത്യേകചികിത്സകളും കാണാവുണ്ടു്. തിരുമ്മുക, ഉഴിയുക, ഇതെല്ലാം ആയുർവ്വേദവിധിപ്രകാരം ഉള്ള ചികിത്സകളാണു്. ആസ്ത്മ പിടിച്ചു് ശക്തിയായി ചുമയ്ക്കുന്ന ആളുകളുടെ എല്ലൊടിയുക, തലപൊട്ടുക എന്നൊക്കെ പരാതി കേൾക്കുന്ന കാലമാണു്. ശക്തിയായി ചുമച്ചാൽ എല്ലൊടിയുന്ന കാലമാണു്. ആ നിലക്കു്....

മിസ്റ്റർ പി. ടി. ജേക്കബ്ബു്: അതു് ലോക്കപ്പിൽ കയറിയാലല്ലെ?

മിസ്റ്റർ പി. നാരായണമേനോൻ: അതറിഞ്ഞുകൂടാ. അതുപോലെ യാതൊരക്രമങ്ങളും ചെയ്യാത്തവരുടെ നേരെ പോലീസുകാർ കല്ലെറിയുക, അങ്ങിനെ എല്ലൊടിയുന്നതും തലപൊട്ടുന്നതും മറ്റും നടന്നുവരുന്ന സംഭവങ്ങളാണു്. ഇതിനെല്ലാം ഉഴിയുന്ന രീതിയും, തിരുമ്മുന്ന രീതിയും വളരെ ചിലവു് കുറഞ്ഞ രീതിയിൽ ആയുർവ്വേദവിധിപ്രകാരം നടത്താവുന്ന ഒരു പ്രത്യേകരീതിയിലുള്ള ചികിത്സകളാണെന്നു് ഞാൻ വിചാരിക്കുന്നു. ഉഴിച്ചൽ കൊണ്ടു് ഭേദമാകുന്ന വൈദ്യമാണെങ്കിൽ വളരെ പ്രയോജനമുണ്ടു്. ഇവിടെ ഇതിനുമുമ്പു് പറയുകയുണ്ടായി, ആസ്പത്രിയിൽ കിടത്തിയിരുന്ന ഒരു രോഗി, എല്ലൊടിഞ്ഞതിനു് കാലിൽ വെച്ചുകെട്ടിയിരുന്ന പ്ലാസ്റ്റർ പൊളിച്ചുകളഞ്ഞു എന്നും, ആ രോഗിയെ ഒടുവിൽ, അച്ചുടക്കത്തോടുകൂടി ആസ്പത്രിയിൽ കിടത്തി ചികിത്സിക്കുന്നതിനു് സാധ്യമല്ലെന്നു് ബോദ്ധ്യം വന്നതിനാൽ സിസ്സു് ചാർജ്ജു് ചെയ്യേണ്ടിവന്നു എന്നും മറ്റും. ആയുർവ്വേദവിധിപ്രകാരം പ്ലാസ്റ്റർ വെച്ചുകെട്ടേണ്ട കുഴപ്പമൊന്നും കൂടാതെ കഴിക്കാം. ആയുർവ്വേദവിധിപ്രകാരം ചികിത്സിക്കുകയാണെങ്കിൽ ഇങ്ങിനെയുള്ള അച്ചുടക്കലംഘനമുണ്ടായി എന്നുള്ള പേരിനും വഴിയില്ല. ആയുർവ്വേദവും അലോപ്പതിയും തമ്മിൽ ചികിത്സാക്രമത്തിലും മറ്റും പലേ വ്യത്യാസങ്ങളുമുള്ളതുകൊണ്ടു്, അലോപ്പതി ഹോസ്പിറ്റലുകൾ ഉള്ള ദിക്കുകളിലും ഈ വൈദ്യശാലകൾ വേണ്ടതാണെന്നാണു് എന്റെ അഭിപ്രായം. ഗവൺമെണ്ടും ഈ തത്വത്തെ അംഗീകരിച്ചിട്ടുണ്ടെന്നുള്ളതിനു് ഇപ്പോൾതന്നെ തെളിവുകൾ ഉണ്ടു്. എറണാകുളം, തൃശ്ശിവപേരൂർ, തൃപ്പൂണിത്തുറ ഇവിടങ്ങളിലൊക്കെ അലോപ്പതി ഹോസ്പിറ്റൽ ഉള്ള സ്ഥലങ്ങളാണു്. ആ സ്ഥലങ്ങളിലാണു് ആദ്യമായി ആയുർവ്വേദ ആസ്പത്രികൾ സ്ഥാപിച്ചിട്ടുള്ളതു്. ആ സ്ഥിതിക്കു് ഈ ഒരു വാദം സ്വീകാര്യമാണെന്നു് തോന്നുന്നില്ല. നിശ്ചയമായിട്ടും, നിവൃത്തിയുള്ള പ്രദേശങ്ങളിലെല്ലാം ജനസംഖ്യയുടെ തോതനുസരിച്ചു് ആയുർവ്വേദ ഹോസ്പിറ്റലുകളൊ, ഡിസ്പെൻസറികളൊ തുടങ്ങണമെന്നാണു് എന്റെ അഭിപ്രായം.

*Rao Sahib C. J. Mathew *(Secretary to Government)*: In regard to Mattancheri I am really surprised to find that this motion has been tabled because you will see from the budget that we have provided a sum of Rs. 30,000 for starting an Ayurvedic Hospital. The only thing that stands in the way is the lack of a suitable house to accommodate the same. If the Hon'ble Mover will kindly place under the disposal of the Government a good house to accommodate the Hospital we will start it from the 1st of Chingam. The only difficulty is accommodation.

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

Then with regard to the observations made by the Member for Trippunittura I did not say that there is no necessity for an Ayurvedic Hospital in places where there is an allopathic hospital. What I meant to say is that in the distribution of medical relief we should give particular attention to places where there is no medical relief of any kind available. So, that is the principle that is generally followed. It is the policy laid down by the Minister that there should be a survey taken to see which are the places which actually stand in need of medical aid immediately and relief has to be given to them first and in places where there are allopathic or other systems of treatment available they may be given secondary importance. That is the view. So, I hope the House will understand the real policy of the Government. But as far as Mattancheri is concerned it is a very congested place where any amount of medical aid will be only inadequate.

ചൌധരി ജി. എസ്സ്". ധാരാസിംഗ്": സർ, ബഡ്ഡറിൽ കൊള്ളിച്ചിരുന്നതു കാണാഞ്ഞിട്ടല്ല. പക്ഷെ ഒരു വിഷമം ആ ഡിപ്പാർട്ട്മെണ്ടിൽനിന്നും കേൾക്കുകയുണ്ടായി. സ്ഥലം കിട്ടാൻ വിഷമമാണെന്നും പറയുകയുണ്ടായി. എങ്കിലും ഇവിടെ ഒരുപക്ഷേപം കൊണ്ടുവന്നാൽ നടക്കാതിരിക്കുകയില്ല എന്നുള്ള വിശ്വാസത്തോടുകൂടിയാണ് ഇതിവിടെ കൊണ്ടുവന്നതു". സ്ഥലം വേണമെങ്കിൽ എല്ലാമെമ്പർമാരുംകൂടി ശ്രമിച്ചാൽ ഒരു സ്ഥലം കിട്ടാൻ വിഷമമുണ്ടാകയില്ല.

അവിടെ ആയുർവ്വേദ ഡയറക്ടർ എപ്പോഴാണ് വരുന്നതു" എന്നറിവുകിട്ടിയാൽ ആ അവസരത്തിൽ ഞാനും കൂടെ പോയി ഒരു സ്ഥലം ഉണ്ടാക്കിക്കൊടുക്കുവാൻ ശ്രമിക്കാം. മട്ടാഞ്ചേരിക്കാരുടെ ആവശ്യംതന്നെയായതുകൊണ്ടു" അതിനു" ഒരു വിരോധവുമില്ല. ഞാൻ എതായാലും ഈ ഉപക്ഷേപം പിൻവലിക്കുന്നു.

Motion, by leave, withdrawn

3. Starting of an Ayurvedic Vaidyasala at Chirakkal

*മിസ്റ്റർ കെ. എസ്സ്". പണിക്കർ: "To reduce the allotment of Rs. 3,06,085 for Ayurveda by Re. 1 *(To urge on the Government the urgent necessity of starting an Ayurveda Vaidyasala at Chirakkal in Chazhur Panchayat).*" ചിറക്കൽ ഒരു ആയുർവ്വേദ വൈദ്യശാല വേണമെന്ന സംഗതി ൧൯൫൦ മുതൽ കൊല്ലംതോറും ഈ നിയമസഭയിൽ കൊണ്ടുവരാറുള്ളതാണ്". കുമ്പിലാവു", ഇഞ്ചമുടി ഈ വില്ലേജുകൾ ചാഴൂർ പഞ്ചായത്തിൽ പെട്ട ചിറക്കലിനോടു തൊട്ടുകിടക്കുന്ന പ്രദേശങ്ങളാണ്". കുമ്പിലാവു" ഊരകം പഞ്ചായത്തിൽ പെട്ടതാണെങ്കിലും ഊരകം പഞ്ചായത്തിൽനിന്നു വളരെ അകന്നിരിക്കുന്നതുകൊണ്ടു" അവിടെയുള്ളവർക്കും ഇഞ്ചമുടിയിലുള്ളവർക്കും വൈദ്യസഹായം കിട്ടുവാൻ വളരെ വിഷമമാണ്". കാട്ടൂരിൽ ഒരു ഡിസ്പെൻസറിയുണ്ടു". ഇപ്പോൾ ഈ പ്രദേശങ്ങളിലുള്ള ജനങ്ങൾ മുകുന്ദപുരം താലൂക്കിലുള്ള കാട്ടൂർ ഡിസ്പെൻസറിയിലോ അല്ലെങ്കിൽ എട്ടുപത്തു മൈൽ അകലമുള്ള അന്തിക്കാടു ഡിസ്പെൻസറിയിലോ പോകേണ്ടതായിട്ടാണ് വരുന്നതു". അതുകൊണ്ടു" ഈ വില്ലേജുകളിൽ യാതൊരു വൈദ്യസഹായവും ഇല്ലാതെ കഷ്ടപ്പെടുന്ന ജനങ്ങൾക്കു" ഒരു വൈദ്യശാല വേണമെന്നാവശ്യപ്പെടുമ്പോൾ അതിനു പ്രതികൂലമായ ഒരു മറുപടി ഉണ്ടാകയില്ലെന്നാണു" വിചാരിക്കേണ്ടതു".

Panel Chairman: Government did not say like that.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: It is in favour of my cut motion. കുന്നംകുളത്തു" ഒരു ഹോസ്പിറ്റൽ ഉള്ളതുകൊണ്ടു" അവിടെ വേറെവിധത്തിലുള്ള വൈദ്യസഹായം ആവശ്യമില്ലെന്നു പറയുന്ന സ്ഥിതിക്കു", ഇവിടെ ഒരു ആസ്പത്രിയോ ഡിസ്പെൻസറിയോ ഒന്നും ഇല്ലാത്തതിനാൽ ഏറ്റവും നിസ്സാരമായ നിലയിൽ ഒരു ആയുർവ്വേദവൈദ്യശാലയെങ്കിലും വെച്ചു തരണമെന്നു പറഞ്ഞാൽ അതിനു പ്രതികൂലമായ മറുപടി പറയുകയില്ലെന്നു" എനിക്കു വിശ്വാസമുണ്ടു". ഇതുകൊണ്ടു" സാധാരണ ജനങ്ങൾക്കു വലിയ ഉപകാരമുണ്ടാകുമെന്നു" എനിക്കു വിശ്വാസമില്ല. ആയുർവ്വേദാസ്പത്രിയിൽനിന്നു മരുന്നുണ്ടാക്കി പുറത്തേക്കു കൊടുക്കുന്നതു ഗ്രാമങ്ങളിലെ വൈദ്യശാലകളിലേക്കു മതിയാകുന്നില്ലെന്നുള്ളതു" എല്ലാവർക്കും ബോദ്ധ്യമുള്ള സംഗതിയാണു". എന്നാൽ ഗവർമ്മെണ്ടിൽനിന്നും ശമ്പളം പറ്റുന്ന ഒരു വൈദ്യനെങ്കിലും ഉണ്ടാകുമല്ലൊ എന്നുള്ള ഒരു കാര്യം വെച്ചുകൊണ്ടാണു" ഞാൻ പറയുന്നതു". അല്ലാതെ സാധു

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങൾക്കാവശ്യമുള്ള മരുന്നുകൾ അവിടെ കിട്ടുമെന്ന് എനിക്ക ബോദ്ധ്യമില്ല. അത്ര കുറച്ചു മരുന്ന മാത്രമാണ് കൊടുത്തുവരുന്നത്. എങ്കിലും ഞങ്ങൾക്കുള്ള പ്രതീക്ഷ, ഒരു വൈദ്യനെങ്കിലും അവിടെ ഉണ്ടാകുമല്ലോ എന്നുള്ളതാണ്. ഈ പറഞ്ഞ വില്ലേജുകളിലെ ആളുകൾ മുഴുവൻ കഷ്ടകത്തൊഴിലാളികളാണ്. അവർക്ക് വളരെയധികം പണം ചിലവുചെയ്ത വൈദ്യനെ കൊണ്ടുവരുവാനുള്ള കഴിവ് അവിടെയില്ല. അവരുടെ ഈ വൈദ്യസഹായത്തിനുള്ള ആവശ്യം ഏറ്റവും പ്രാധാന്യമർഹിക്കുന്നതാകയാൽ, അവരും കൊച്ചി ഗവൺമെണ്ടിന്റെ പ്രജകളാകയാൽ, ഇക്കാര്യത്തിൽ ഗവൺമെണ്ടിന്ന് ഒരു കടമയുണ്ടെന്നു വിചാരിക്കുന്നുണ്ടെങ്കിൽ, തീച്ചയായിട്ടും കാലതാമസംകൂടാതെ—ഇരുപത്തിമൂന്നിലേക്ക കാലം നീട്ടിക്കൊണ്ടുപോകാതെ—ഒരു ചെറിയ തോതിലുള്ള വൈദ്യശാലയെങ്കിലും ചിറക്കൽ സ്ഥാപിക്കണമെന്ന ഗവൺമെണ്ടിനോടപേക്ഷിക്കുന്നു. ഞാൻ ഇതു് ദത്തവകുപ്പിലേക്കുള്ള മരുപക്ഷേപമായി അവതരിപ്പിക്കണമെന്ന വിചാരിക്കുന്നില്ല. ഇതൊക്കെ ഗവൺമെണ്ടിനോടുതന്നെ നിർബ്ബന്ധിക്കുകയാണ് ചെയ്യുന്നതു്. അതുകൊണ്ടു് ഇതൊക്കെ ദത്തവകുപ്പിന്റെ ചുമതലയാണെന്ന കരുതി നീട്ടിവെക്കാതെ ഉടനെ ഇതു start ചെയ്യണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് നിയമസഭയുടെ സമ്മതത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

* **Rao Sahib C. J. Mathew** *(Secretary to Government)*: As I have already stated in the House we are proposing to start 5 vaidyasalas in 1122. It is proposed to open these Vaidyasalas in places where the necessity for medical aid is keenly felt. If Chirakkal will fall within that category, certainly one will be started there.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇന്നിന്നസ്ഥലങ്ങളിലേക്കാണെന്നു് ഇപ്പോൾ തീച്ചയാക്കീട്ടുണ്ടോ?

Rao Sahib C. J. Mathew *(Secretary to Government)*: It has not yet been decided.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: നിയമസഭയുടെ അനുമതിയോടുകൂടി ഞാൻ ഇതു പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

4. Need for a Visha Vaidya Sala at Peramangalam

***Mr K. S. Panicker** *(Ezhuvas-Trichur)*: "To reduce the allotment of Rs. 3,06,085 for Ayurveda by Re. 1. (*To request the Government for starting a Vishavaidhya Sala at Peramangalam*) സർ, മുണ്ടൂർ, പേരാമംഗലം ഈ പ്രദേശങ്ങളും തൃശ്ശിവപേരൂർ, കുന്നംകുളം എന്നിവയുടെ മദ്ധ്യഭാഗത്തുള്ള പ്രദേശങ്ങളാണ്. ആ സ്ഥലത്തു് സർപ്പങ്ങളും ധാരാളമുള്ള സ്ഥലങ്ങളാണ്. അവിടങ്ങളിൽ average ഫസൽ വരുന്നുണ്ടു് ഒരു ദിവസത്തെ വിഷമേറ്റ രോഗികളുടെ കണക്കു്. അതുപോലെ വിഷംതട്ടിയ രോഗികളും ഉണ്ടാകുന്നുണ്ടു്. ടെയിനിംഗ് കഴിച്ചു് വന്നിട്ടുള്ള വൈദ്യന്മാക്ക് നിസ്സാരമായ മരുന്നുകളുംമാത്രമെ കൊടുക്കുന്നുള്ളു. വിഷം തട്ടിയാൽ ഉടനെ ചികിത്സിക്കണം. കുറച്ചു കാലതാമസംവന്നാൽ ഗതി മരണമാണു്. ഇതുപോലെ കൂടുതൽ വിഷംതട്ടുന്ന കേസ്സുകളും ഉണ്ടാകുന്നതുനിമിത്തം അവിടെ ഒരു വിഷവൈദ്യശാല സ്ഥാപിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. അതു് ഗവൺമെണ്ടിന്റെ ശ്രദ്ധയിൽപെടണം. ഇതിനെപ്പറ്റി അറിവുള്ള ആളാണ് ഇന്നത്തെ പാനൽ ചെയർമാൻ അവർകളും എന്നു് നമുക്കറിയാം. പക്ഷെ ഇതിനെപ്പറ്റി വിസ്തരിച്ചുപറയാൻ അദ്ദേഹത്തിനു നിവൃത്തിയില്ലാതെയാണ് വന്നിരിക്കുന്നതു്. അതുകൊണ്ടു് മറ്റുള്ള കാര്യങ്ങളെപോലെതന്നെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് ഇതെന്നു മനസ്സിലാക്കി ഒരു വിഷവൈദ്യശാല അവിടെ തുടങ്ങണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. ഐ. വേലായുധൻ. കൊച്ചി രാജ്യത്തിന്റെ വടക്കുഭാഗത്താണു് അധികം വിഷമേറ്റതായി കേൾക്കുന്നതു്. ഇരിങ്ങാലക്കുട കഴിഞ്ഞു തെക്കോട്ടു നിങ്ങിയാൽ ഇങ്ങിനെ വിഷമേറ്റ മരിക്കുക എന്നുള്ളതു് വളരെ കുറവാണു്. പ്രത്യേകിച്ചു് തലപ്പിള്ളി താലൂക്കിലാണു് ഏറ്റവും ഭയങ്കരങ്ങളായിട്ടുള്ള സർപ്പങ്ങളുള്ളതു്. അവിടങ്ങളിൽ വിഷമേറ്റയാതൊരുവിധത്തിലുള്ള രക്ഷയും കിട്ടാതെ മരിക്കുകയാണു് ചെയ്യുന്നതു്. തൃശ്ശിവപേരൂർ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

രാമവർമ്മ ആസ്പത്രിയിൽ ഒരു ഡാക്ടരെ വെച്ചിട്ടുണ്ടെന്നാണറിയുന്നതു്. ഇതുവരെ ഒരു വിഷമെങ്കിലും ഇറക്കുവാൻ അവിടത്തെ വൈദ്യനു് സാധിച്ചിട്ടില്ല. വല്ല പഴതാരയൊ, തേളൊ കടിച്ചു വിഷം മാത്രമെ അവിടെ മാറുന്നുള്ളു. നമ്മുടെ മഹാരാജാക്കന്മാരിൽതന്നെ പലരും ഇതിൽ വിദഗ്ദ്ധതയുള്ള ആളുകൾ ആയിരുന്നു. എന്നാൽ ഇപ്പോൾ ഇതു് പണ്ടത്തെ ചികിത്സയാണെന്നു് വിചാരിച്ചിട്ടൊ, അധികം ആളുകൾ പാമ്പുകടിച്ചു മരിക്കുന്നില്ലെന്നു വിചാരിച്ചിട്ടൊ എന്തൊ, ഇതിനു വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല. ചില സ്ഥലങ്ങളിൽ പാരമ്പര്യമുള്ള വൈദ്യന്മാരുണ്ടു്. എന്നാൽ അവക്കു വേണ്ടുന്ന പ്രോത്സാഹനം ലഭിക്കുന്നില്ല. കൊല്ലത്തിൽ മൂന്നുറുപ്പികയുടെ മരുന്നാണു് പേരാമംഗലത്തുള്ള ഒരു വിദഗ്ദ്ധ വൈദ്യനു കൊടുത്തുവരുന്നതത്രെ. അതുകൊണ്ടു് അങ്ങിനെയുള്ള വൈദ്യന്മാക്കു് ചികിത്സ ചെയ്യത്തക്കവിധം ഒരു സഹായമായി തീരുന്നില്ല. ചികിത്സചെയ്യതിനു പ്രതിഫലമായി യാതൊന്നുംതന്നെ ഇവർ വാങ്ങുകയുമില്ലെന്നുള്ളതു് ഒരു യഥാർത്ഥം മാത്രമാണു്. ചികിത്സ അവരുടെ തൊഴിലായി സ്വീകരിക്കുകയും അതെ അവസരത്തിൽ യാതൊന്നുംതന്നെ പ്രതിഫലമായി വാങ്ങാതിരിക്കുകയും ചെയ്യുമ്പോൾ, അവരുടെ സേവനംമൂലം പട്ടിണിമാത്രമാണു് അഭിമുഖീകരിക്കേണ്ടി വരുന്നതു്. ഈവക കാര്യങ്ങളെയെല്ലാം മൻനിറ്ത്തി ഗവമ്മെണ്ടു് ഈ വൈദ്യന്മാക്കു ജീവിക്കുവാൻമാത്രമായിട്ടെങ്കിലും എന്തെങ്കിലും സഹായം ചെയ്തു കൊടുക്കേണ്ടതു അത്യന്താപേക്ഷിതമാണു്. ഇങ്ങിനെയുള്ള സഹായങ്ങൾ നാട്ടുപുറങ്ങളിലുള്ള വൈദ്യന്മാക്കുചെയ്തു് ജനങ്ങളെ അകാല മരണത്തിൽനിന്നും രക്ഷിക്കേണ്ടതു് ഗവമ്മെണ്ടിന്റെ ചുമതലയാണു്. അതുകൊണ്ടു് പേരാമഗലത്തു് ഒരു വിഷവൈദ്യശാല സ്ഥാപിച്ചു കിട്ടണമെന്നുള്ള ഈ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.

മിസ്റ്റർ സി. എസ്സു്. പണിക്കർ: സർ, ഈ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നതോടൊപ്പം ഇന്നത്തെ വിഷവൈദ്യശാലകളുടെ നടത്തിപ്പിനെക്കുറിച്ചു് രണ്ടു വാക്കു പറയാനാണു് ഞാൻ വിചാരിക്കുന്നതു്. ചില വൈദ്യന്മാർ വിഷവൈദ്യത്തിൽ പ്രാവീണ്യം സിദ്ധിച്ചവരായി ഉണ്ടു്. അവരിൽ ചിലക്കു് കൊല്ലത്തിൽ ഇത്ര രൂപയുടെ മരുന്നു് ഗവമ്മെണ്ടിൽനിന്നും കൊടുക്കുക എന്നു് നിശ്ചയിച്ചിട്ടുണ്ടു്. ആ മരുന്നു് വാങ്ങി രോഗികളെ വൈദ്യന്മാരുടെ വീട്ടിൽ കിടത്തി ചികിത്സിക്കുന്ന ഒരു സമ്പ്രദായമാണു് ഇന്നുള്ളതു്. വിഷം ശക്തിയായി ബാധിച്ചിട്ടുള്ള കേസ്സാണെങ്കിൽ അധികവും മൂന്നു നാലു ദിവസം കിടത്തുക എന്നുള്ളതു് സാധാരണ സംഭവമാണു്. എന്നാൽ ഒരുത്തന്റെ വീട്ടിൽ കിടന്നു് മറ്റൊരുത്തൻ മരിക്കുക എന്നുള്ളതു് സാധാരണ ആരും ഇഷ്ടപ്പെടാത്ത ഒരു സംഗതിയാണു്. അതുകൊണ്ടു് വീട്ടിൽ കിടത്തി ചികിത്സ നടത്തുവാൻ മിക്കവർക്കും ഇഷ്ടമുണ്ടായിരിക്കയില്ല. അതുകൊണ്ടു് ഈ വിഷവൈദ്യത്തിനു്വേണ്ടി പ്രത്യേകം ചില സ്ഥലങ്ങൾ ഏർപ്പെടുത്തി രോഗികൾക്കു് കിടന്നു ചികിത്സ നടത്തത്തക്കവിധമുള്ള ഒരേർപ്പാടുകൂടി ഗവമ്മെണ്ടിൽനിന്നുണ്ടാക്കണമെന്നാണു് എനിക്കു പറയാനുള്ളതു്.

റാവുസാഹിബ്ബു് കെ. അയ്യപ്പൻ: സർ, വിഷവൈദ്യന്മാക്കു നല്ല ശമ്പളം കൊടുത്താൽ കൊള്ളാം. വിഷവൈദ്യത്തിനു് യാതൊന്നും പ്രതിഫലം വാങ്ങാൻ പാടില്ലെന്നുള്ള ഏർപ്പാടു് ഇപ്പോഴും നിലവിലുണ്ടു്. പാമ്പുകടിക്കുന്നവക്കു് പണം അന്വേഷിച്ചു് ചികിത്സക്കു പോകാൻ സാദ്ധ്യമല്ല. ആ സമ്പ്രദായം ഇപ്പോഴും നിലവിലിരിക്കുന്നതുകൊണ്ടു് വിഷവൈദ്യന്മാക്കു് നല്ലശമ്പളം കൊടുക്കണമെന്നാണു് എനിക്കു് പറയാനുള്ളതു്.

* **Rao Sahib C. J. Mathew** *(Secretary to Government)*: Speaking on the motion, I have great pleasure to say that one at least of Mr. Panicker's cut motions is accepted. We are going to start a Vishavaidasala in that particular place next year. We are going to start a first class vaidyasala. The vishavaidan there, is going to be paid Rs. 15 per month and also medicine worth Rs. 25 for a quarter which will work at Rs. 100 per annum. I hope this will satisfy the requirements of the case.

*മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഏതായാലും കിട്ടിയ മറുപടി വളരെ അനുകൂലമായിട്ടുണ്ടു്. അതോടുകൂടി ഒരു സംഗതി പറയാനുണ്ടു്. വിഷം തട്ടുന്നതു് സാധാരണയായി രാത്രിയിലാണു്. അതുകൊണ്ടു് രാത്രി വിഷവൈദ്യന്മാക്കു് കത്തിക്കാനുള്ള മണ്ണെണ്ണകൂടി കൊടുക്കണം. അതുംകൂടി ഈകാര്യത്തിൽ ഉൾപ്പെടുത്തണം.

റാവു സാഹിബ്ബു് സി. ജെ. മാത്യു: ചെയ്യാം.

Motion, by leave, withdrawn

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

5. Need for an Ayurvedic dispensary at Arakkunnam

Mr. P. Mani *(Kanayannur)* : "To reduce the allotment of Rs. 3,09,855 for Ayurveda in Demnad No. 25 by Re. 1. (*"To point out the necessity to shift the Ayurvedic Dispensary recently started at Pangarappilly to Arakkunnam"*.)

സർ, ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതു്, ഇന്നു് പുതിയതായിട്ടു് ഗവണ്മെണ്ടു് ഒരു നയം കൈക്കൊണ്ടിട്ടുള്ളതിനെ ഈ സഭയുടെ മുമ്പാകെ ഒന്നു ചൂണ്ടിക്കാണിക്കണമെന്നു വിചാരിച്ചാണു്. ഈ ജനപ്രതിനിധികൾ നാട്ടുകാരുടെ നന്മക്കത്യാവശ്യമായ എന്തെങ്കിലും കാര്യം ഗവണ്മെണ്ടിന്റെ മുമ്പാകെ കൊണ്ടുവന്നാൽ ഈ ഗവണ്മെണ്ടു് അതു സ്വീകരിച്ചു നടപ്പാക്കുകയെന്നതു് നിവൃത്തിയില്ലാതെ വരുന്ന അവസരത്തിൽ മാത്രമാണു്. അങ്ങിനെ പ്രവർത്തിക്കേണ്ടിവരുകയാണെങ്കിൽതന്നെ അതു് ആർക്കും ഉപകാരമില്ലാത്തതരത്തിൽ പ്രവർത്തിക്കുന്ന ഒരു നയം ഗവണ്മെണ്ടു കൈക്കൊണ്ടിട്ടുള്ളതായി കാണുന്നു. ഞാൻ കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ ആരക്കുന്നത്തു് ഒരു വൈദ്യശാല സ്ഥാപിച്ചുകിട്ടണമെന്നു് ഒരു ഖണ്ഡനോപക്ഷേപംമൂലം ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ഫ്ലഡ് അവസാനിക്കാറായപ്പോഴേക്കും ഒരു ആയുർവ്വേദ വൈദ്യശാല ആരക്കുന്നത്തുനിന്നു് ഒന്നരനാഴിക അകലെയുള്ള ഏതൊ ഒരു ജന്മിയെമാത്രം ഉദ്ദേശിച്ചു് ഈ അടുത്തദിവസം സ്ഥാപിച്ചിട്ടുണ്ടു്. ആ ആയുർവ്വേദവൈദ്യശാല സ്ഥാപിക്കേണ്ടതു് എവിടെയായിരിക്കണമെന്നു് മന്ത്രിയെ ഞാൻ അറിയിക്കുകയുണ്ടായി. എന്നാൽ ആരക്കുന്നത്തു് അതിനു പറ്റിയ ഒരു കെട്ടിടം ഏർപ്പാടുചെയ്തതരണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് ഒരു എഴുത്തു് ആയുർവ്വേദ ഡയറക്ടരിൽനിന്നു എനിക്കു കിട്ടിയിട്ടുണ്ടു്.

Panel Chairman : The Hon'ble Member was saying that he received a letter.....

Mr. P. Mani *(Kanayannur)* : I am not going to press the motion. I have received a letter to suggest a suitable place in Arakkunnam to accommodate the hospital.

ഇപ്പോഴും, ഞങ്ങളും ഇതിനെക്കുറിച്ചുപക്ഷേപിച്ചപ്പോഴും മാത്രമേ ആയുർവ്വേദഡയറക്ടർക്കു കണ്ണു തുറക്കുവാൻ സാധിച്ചുള്ളു എന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. എന്തെങ്കിലും പൊതുജനങ്ങളുടെ ആവശ്യത്തിനുവേണ്ടി ചെയ്യുകയാണെങ്കിൽ അതു് ശരിയായ വിധത്തിൽ പൊതുജനങ്ങൾക്കു് ഉപകരിക്കണമെന്ന ഒരു ആത്മാർത്ഥതയോടുകൂടി ഗവണ്മെണ്ടു് പ്രവർത്തിക്കണമെന്ന മാത്രമാണു് എനിക്കു പറയാനുള്ളതു്. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ഇതിവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

Rao Sahib C. J. Mateew *(Secretary to Government)* : I am really surprised to hear the allegations made by the Hon'ble Mover. My information from the report I received from the Superintendent of Ayurvedic Hospitals is that he went to the Presidents of Panchayats within which the village Arakunnam lies *i.e.*, the Presidents of Mulanthuruthi and Amballur and persistently requested them to find out for him a suitable place to locate the hospital and they could not find the place. Then he has requested the Hon'ble Mover himself asking me to find a suitable place to accommodate the vaidyasala in Arakunnam. The department tried its utmost to find a place and finding that it is not possible they started the hospital in another place nearby.

റാവു സാഹിബു് കെ. അയ്യപ്പൻ : ഉൾനാടുകളിൽ ആരെങ്കിലും വീടുകൾ വാടകക്കു കൊടുപ്പാൻ പണിയിച്ചിട്ടുണ്ടാകുമോ?

Rao Sahib C. J. Mathew *(Secretary to Government)* : Government have not started the vaidyasala; that cannot be so easily done. In this particular locality we were unable to get a place

മിസ്റ്റർ പി. മാണി : സർ, ആയുർവ്വേദ ഡയറക്ടരുടെ ആ റിപ്പോർട്ടിൽ വലിയ പരമാർത്ഥമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ആ പറയുന്ന റിപ്പോർട്ടിനെക്കുറിച്ചു് രണ്ടു വാക്കു് എനിക്കു് പറയുവാനുണ്ടു്. ആരക്കുന്നത്തു് ഒരു ഹൈസ്കൂളും, ഒരു ലോവർസെക്കണ്ടറി സ്കൂളും ഒരു പ്രൈമറി സ്കൂളും, എത്രയും കച്ചവടസ്ഥലങ്ങളും മറ്റുമുള്ളസ്ഥിതിക്കു് അടുത്ത ഭാവിയിൽ ഒരു പെറിയ പട്ടണമായി രൂപാന്തരപ്പെടുവാൻ ഇടയുള്ള ആ സ്ഥലത്തു് ഒരു വൈദ്യശാലക്കു സ്ഥലം കിട്ടാതെ വന്നുവെന്നു് ഈ ഗവണ്മെണ്ടു്, അല്ലെങ്കിൽ ഈ ഡയറക്ടർ പറയുന്നതു് എനിക്കു് ഒരുവിധത്തിലും സ്വീകരിക്കുവാൻ നിവൃത്തിയില്ല. ഇതിന്റെ ഉള്ളിൽ ചില സ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ന്തതാല്പര്യങ്ങൾ ഒളിഞ്ഞു കിടക്കുന്നുണ്ടെന്നു് ഗവണ്മെണ്ടു മെമ്പർമാർ മനസ്സിലാക്കണം. അല്ലാതെ ആരക്കുന്നുണ്ടു് ഒരു കെട്ടിടം കിട്ടാത്തതുകൊണ്ടല്ല. എന്നാൽ ഒരു പ്രത്യേക വ്യക്തിയെ ഒന്നു സഹായിക്കുവാൻവേണ്ടി മാത്രമാണു്.

Rao Sahib C. J. Mathew *(Secretary to Government):* Does the Hon'ble Member deny the fact that the Superintendent of Ayurvedic Hospitals approached these two Panchayat Presidents to get a place ?

Mr. P. Mani *(Kanayannur):* I am aware of that. Why do you think that. I tell you that there was no need for that.

Mr. Panel Chairman: I request the Hon'ble Member to confine his remarks to the cut motion.

Mr. P. Mani *(Kanayannur):* I am answering the question put forward by the Secretary to Government. The Director had no business to approach the two presidents.

Mr. Panel Chairman: The Honble Member will please address the Chair.

Mr. P. Mani *(Kanayannur):* Because Arakunnam is in the Mulanthuruthi Panchayat and there was no reason for the Director to approach them.

Rao Sahib C. J. Mathew *(Secretary to Government):* It lies within the two Panchayats.

Mr. P. Mani *(Kanayannur):* I have got information. It is before me.

അതുകൊണ്ടു് അതിന്റെ ഒന്നും ആവശ്യമുണ്ടായിരുന്നില്ല. അതിന്റെ ഉദ്ദേശം ഇന്നതായിരുന്നു എന്നു് എനിക്കറിയാം. മേലിലെങ്കിലും ഗവണ്മെണ്ടു ഇത്തരത്തിലുള്ള അനീതിപരങ്ങളായ പ്രവൃത്തികൾ ചെയ്യു് പൊതുജനങ്ങളെ കബളിപ്പിക്കാൻ ശ്രമിക്കരുതു് എന്നഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ ഉപക്ഷേപം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുന്നു.

Motion, by leave, withdrawan

Demand put and carried

v. 21. Education—Rs. 50, 56, 318

Mr. P. Sankaran Nambiyar *(Director of Public Instruction):*

Sir, I request the House be pleased to vote an allotment of Rs. 50,56,318 under "21-Education" for the year 1122 M.E.

This exceeds last year's allotment by nearly 11 lakhs, which is, in the main, accounted for, by increased provisions made under the following heads:—

(1) Teachers' emoluments	Rs.	6,95,756
(2) Noon-feeding	Rs.	2,00,000
(3) Buildings, equipments, etc	Rs.	1,58,302
(4) Re-imbursement of fee concessions	Rs.	50,000
(5) Scholarships, stipends	Rs.	25,847
(6) Physical Education	Rs.	11,000

Further analysis of the Budget would reveal that the total allotment for education (Votable and non-votable together Rs. 51,61,300) is distributed as follows.—

(1) Primary education	32 lakhs	62% of the whole
(2) Secondary	14 ..	27%
(3) Collegiate	3 ..	6%
(4) Technological, etc.	1 ..	2%
(5) Control	1·6 ..	3%

From this analysis, it may be seen that a substantial portion of the total allotment, namely. 62 per cent, has been ear-marked for items of expenditure connected with Primary Education. This is as it should be, in keeping with the spirit of the times. The importance of Universal Primary Education has, of late, come to be recognised, more tangibly than even before, all over the country, especially after the publication of the report of the Central Advisory Board of Education, popularly known as the Sargent Scheme. Our Government have passed orders on the Code Revision Committee's Report, making Primary Education Universal and free. The question of making it also compulsory has since been discussed by the Post-War Education Reconstruction Committee of the State and it has been resolved to recommend compulsion on condition that the necessary funds could be raised by means of an Education Cess.

LIBRARY ARCHIVES Kerala Legislative Assembly